**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2871** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ലഭിച്ച ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എത്ര തവണ നടത്തിയിട്ടുണ്ടെന്നും ഇത് വഴി എന്തു തുകയുടെ പലിശ ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 3 പ്രാവശ്യം നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>2021 ഓഗസ്റ്റ് 16 മുതൽ നടപ്പിലാക്കിയ നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കോവിഡ് സാഹചര്യം കണക്കിലെടുത്ത് പലതവണ കളിലായി ദീർഘിപ്പിച്ച് 2022 സെപ്റ്റംബർ 30 വരെ തുടരുന്നതിന് അനുമതി നൽകിയിരുന്നു.<br><br>കൂടാതെ 2023 കാലയളവിൽ 2023 ഫെബ്രുവരി 1 മുതൽ നടപ്പിലാക്കിയ പദ്ധതിയ്ക്ക് 2023 ഏപ്രിൽ 30 വരെയും, 2023 നവംബർ 1 മുതൽ നടപ്പിലാക്കിയ പദ്ധതിയ്ക്ക് 2024 ജനുവരി 31 വരെയും തുടരുന്നതിന് അനുമതി നൽകി. കേരള ബാങ്കിന് മാത്രം ടി പദ്ധതി 2024 മാർച്ച് 31 വരെ തുടരുന്നതിന് നിലവിൽ അനുമതി നൽകിയിട്ടുണ്ട്.<br><br>2021 ഓഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെ നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പലിശയിനത്തിൽ ***7,19,509*** വായ്പക്കാർക്ക് ***7,41,399*** വായ്പകളിലായി ***1095.33*** കോടി രൂപയും, 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെ നടപ്പിലാക്കിയ പദ്ധതി പ്രകാരം ***2,37,800*** വായ്പക്കാർക്ക് ***2,45,296*** വായ്പകളിലായി ***497.51*** കോടി രൂപയും, 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെ നടപ്പിലാക്കിയ പദ്ധതി പ്രകാരം ***1,08,564*** വായ്പക്കാർക്ക് ***1,13,767*** വായ്പകളിലായി ***245.62*** കോടി രൂപയും എന്നിങ്ങനെ ഈ സർക്കാരിന്റെ കാലത്ത് ആകെ ***10,65,873*** വായ്പക്കാർക്ക് ***11,00,462*** വായ്പകളിലായി ***1838.46*** കോടി രൂപയുടെ പലിശ ആനുകൂല്യം നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ